# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 06/1250/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/08/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 06/1250/2021 തീയ്യതി: 18/08/2021

## മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-07-2019 മുതൽ 11-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 26-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 26-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി പി അബ്ദുൾജലീൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. ടി മുഹമ്മദ് സലീം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ടി രാമകൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ടി ടി അമീൻഫൈസൽ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സുജാത എം,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈതാലി നിലേങ്ങാടൻ | പ്രസിഡന്റ് | 16-11-2019 | 31-03-2020 |
| ശ്രീ. കരുവത്തിൽ നജീബ് | പ്രസിഡന്റ് | 01-04-2019 | 15-11-2019 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രജനി രവീന്ദ്രൻ | സെക്രട്ടറി (ഇൻ-ചാർജ്) | 01-04-2019 | 24-04-2019 |
| | | 05-09-2019 | 01-12-2019 |
| ശ്രീമതി.ഫാസില ഇ കെ | കൃഷി ഓഫീസർ(ഇൻ ചാർജ്) | 26-08-2019 | 03-01-2020 |
| ശ്രീമതി.ഷാബാസ് ബീഗം | കൃഷി ഓഫീസർ(ഇൻ ചാർജ്) | 04-01-2020 | 31-03-2020 |
| ഡോ.സുമേഷ് പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-07-2019 |
| ഡോ.മനോജ് കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-08-2019 | 12-10-2019 |
| ഡോ.ഷെമി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13-10-2019 | 11-11-2019 |
| ഡോ.മനോജ് കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-11-2019 | 31-03-2020 |
| ശ്രീമതി.ദിവ്യ ജി എൻ | ഡയറി എക്സറ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.നൗഫൽ പി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബബിത തോമസ് | ലേഡി വി ഇ ഒ | 10-06-2019 | 31-03-2020 |
| | | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| ശ്രീ. സുരേഷ്കുമാർ എൻ ബി | ഹെഡ്മാസ്റ്റർ | | |
| ശ്രീമതി.റസിയ സി എച്ച് | ഹെഡ്മിസ്ട്രസ് | 02-08-2019 | 31-03-2020 |
| ശ്രീമതി. സഫിയ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.അനോജ്കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ശ്രീ.ഷിജുകുമാർ എസ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2019 | 31-03-2020 |
| ഡോ.ജസീല വളപ്പിൽ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2019 | 31-03-2020 |
| ശ്രീമതി. രജനി രവീന്ദ്രൻ | അസി. സെക്രട്ടറി | 01-04-2019 | 11-12-2019 |
| ശ്രീമതി.സിന്ധു എൻ എസ് | അസി. സെക്രട്ടറി | 18-12-2019 | 24-01-2020 |
| ശ്രീ.അജിത് കുമാർ | അസി. സെക്രട്ടറി | 25-01-2020 | 31-03-2020 |
| ശ്രീമതി.ജാനറ്റ് പോൾ | സെക്രട്ടറി | 25-04-2019 | 04-09-2019 |
| ശ്രീ. അനൂപ് മോഹൻ | സെക്രട്ടറി | 02-12-2019 | 31-03-2020 |
| ശ്രീ. മുരളീധരൻപിള്ള എസ് | കൃഷി ഓഫീസർ | 01-04-2019 | 25-08-2019 |
| ഡോ. ജംഷീർ | വെറ്ററിനറി സർജൻ | 01-04-2019 | 03-09-2019 |
| ഡോ. ലീന കേശവൻ | വെറ്ററിനറി സർജൻ | 04-09-2019 | 31-03-2020 |

ഹെഡ്മാസ്റ്റർ 01.06.2019 മുതൽ 01.08.2019 വരെ - ആരുമില്ല. അസി.സെക്രട്ടറി - 12.12.2019 മുതൽ 17.12.2019 വരെ - ആരുമില്ല. ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1-04-19 മുതൽ 9-6-2019 വരെ - ആരുമില്ല.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 19-07-2021)<br>Last Updated By: Sujatha M (Auditor, On 19-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-11 |
| 12 | ലേലത്തിന് ജി.എസ്.ടി ഈടാക്കിയില്ല - കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 16,200/- രൂപ നഷ്ടം.<br>Written By: Sujatha M (Auditor, On 26-07-2021)<br>Last Updated By: Sujatha M (Auditor, On 26-07-2021) | 1-12 |
| 13 | എസ്.സി വിവാഹധനസഹായം സംബന്ധിച്ച്<br>Written By: Muhammed Saleem T (Asst. Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-13 |
| 14 | ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല.<br>Written By: Sujatha M (Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-14 |
| 15 | പെർമിറ്റ് - അപാകതകൾ<br>Written By: Sujatha M (Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-15 |
| 16 | കാളികാവ് ടാക്സി സ്റ്റാന്റ് നിർമാണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ<br>Written By: T.P.Abdul Jaleel (Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-16 |
| 17 | മുഴുവൻ എറിയക്കും പെർമിറ്റ് ഫീ ഈടാക്കിയില്ല | 1-17 |

| | | |
|---|---|---|
| | Written By: Sujatha M (Auditor, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | |
| 18 | കെട്ടിട നിർമ്മാണ അപേക്ഷ / ഫയൽ/രജിസ്റ്റർ - അപാകതകൾ<br>Written By: Sujatha M (Auditor, On 26-07-2021)<br>Last Updated By: Sujatha M (Auditor, On 26-07-2021) | 1-18 |
| 19 | വനിത പകൽ വീട് നിർമാണം: അനുയോജ്യമായ സ്ഥലത്ത് നിർമാണംനടത്തിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 26-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-19 |
| 20 | എസ് എസ് എ വിഹിതം നൽകൽ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-20 |
| 21 | സ്ടീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-21 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരമില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-22 |
| 23 | പൊതുടാപ്പുകൾ - സംയുക്തപരിശോധന നടത്തിയില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-23 |
| 24 | ഉറവിട മാലിന്യസംസ്ക്കരണ സംവിധാനം നടപ്പിൽ വരുത്തിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 19-07-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.P.Abdul Jaleel (Audit Officer, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-7 |
| 8 | | 4-8 |

| | | |
|---|---|---|
| | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 03-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 1(1) 11/02/2019 | 1(2) 24/03/2020 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 30.11.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19797024 |
| വരവ് | 91920565 |
| ആകെ | 111717589 |
| ചെലവ് | 79340844 |
| നീക്കിയിരിപ്പ് | 32376745 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 20549824 | 20549824 | 17616784 | 2933040 | 86 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 8716395 | 8716395 | 5700727 | 3015668 | 65 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 376562 | 376562 | 17400 | 359162 | 5 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | | 0 | 5796000 | 5796000 | 3625399 | 2170601 | 63 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 13306000 | 13306000 | 3322379 | 9983621 | 25 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 15282767 | 15282767 | 7540002 | 7742765 | 50 |
| സംയുക്ത പ്രൊജക്ട് | ബ്ലോക്ക് പഞ്ചായത്ത് | 5365 | 1254323 | 1259688 | 1259688 | | 100 |
| | ജില്ലാ പഞ്ചായത്ത് | 0 | 3906664 | 3906664 | 3906664 | 0 | 100 |
| ബി ഫണ്ട് | | 0 | 15660720 | 15660720 | 15660720 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 5453751 | 14426179 | 19879930 | 12719038 | 7160892 | 64 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 112649745 | 136 | 64691170 | 134 | 0 | 50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13,285 | 11,25,195 | 1138480 | 6,98,285 | 4,40,195 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 1,88,45,440 | 1,88,45,440 | 1,88,45,440 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,20,120 | 163 |
| കർഷക തൊഴിലാളി പെൻഷൻ | 6,31,200 | 181 |
| വിധവാ പെൻഷൻ | 56,64,600 | 1601 |
| വാർദ്ധക്യകാല പെൻഷൻ | 70,56,000 | 1984 |
| വികലാംഗ പെൻഷൻ | 16,88,400 | 484 |
| വിവാഹ ധനസഹായം | 2,70,000 | 9 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,30,400 | 67 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് 6286/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ (സാധാ)നം.1485/2017 / തസ്വഭവ തി.08.05.2017 പ്രകാരം 10,000 രൂപ വീതം വാർഡ് ഒന്നിന് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നുണ്ടെങ്കിലും വാർഡുതല ശുചിത്വസമിതികൾക്ക് ഇതു സംബന്ധിച്ച് യാതൊരു നിർദ്ദേശവും നൽകികാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ പൊതുതാല്പര്യം മുൻനിർത്തി മഴക്കാല പൂർവ്വരോഗ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, പകർച്ചാവ്യാധികൾ തടയുന്നതിനും കൂട്ടായ പ്രവർത്തനം ഉറപ്പാക്കേണ്ടതുമാണ്.

2)ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. റോഡിതര ആസ്തികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3)കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും (ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.

4)ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് സെക്രട്ടറി പാലിക്കുന്നില്ല.

5)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്റ്റുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിന് മാത്രമാണ്. 2019-20 വർഷത്തെ പ്രോജക്റ്റുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

10)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം, ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്ട് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും നേതൃത്വപരമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ മുഴുവൻ കാര്യങ്ങളിലും ക്രിയാത്മക പങ്ക് വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29/12/2020 | 10/2020 | 29/12/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/09/2012 | 2007-08 മുതൽ 2011-12 വരെ | 17/12/2012 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. MGNREGA, ICDS (Central Share), TSC, SSA എന്നിവയിൽ ബാധ്യതയായി ബുക്ക് ചെയ്തിരിക്കുന്ന ഗ്രാന്റ് തുകകളും [B4], അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും [40(B)] പൊരുത്തപ്പെടുന്നില്ല.
2. സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് റവന്യൂ ചെലവ് ചെയ്തപ്പോൾ തത്തുല്യമായ തുക Revenue Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല [MGNREGA, ICDS (Central Share), TSC, SSA].
3. തൊഴിൽ നികുതി (ട്രേഡ്സ്), ഡി & ഒ ലൈസൻസ് എന്നിവയിലെ മുൻ വർഷത്തെ അഡ്വാൻസ് കളക്ഷൻ തൻവർഷത്തെ ഡിമാന്റിൽ [I&E] ഉൾപ്പെടുത്തിയിട്ടില്ല.
4. വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല [തൊഴിൽ നികുതി, വസ്തു നികുതി].
5. മുൻകൂർ നല്കിയ തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല [Other Advance, Advance To Others]
6. നല്കി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല [ചെക്ക് നമ്പർ 33154/07.09.2018].
7. ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യവും, ആസ്തി രജിസ്റ്ററിലെ ആസ്തികലുടെ മൂല്യവും പൊരുത്തപ്പെടുന്നില്ല.
8. ഡിപ്പോസിറ്റുകൾ [B7], ഹെഡുകൾ തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
9. കാലഹരണപ്പെട്ട ഡിപ്പോസിറ്റുകൾ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.
10. വായ്പ, വർഷാവസാന ബാക്കി വിവരങ്ങൾ രജിസ്റ്ററും വാർഷിക കണക്കുമായി പൊരുത്തമില്ല.

## 1-12 ലേലത്തിന് ജി.എസ്.ടി ഈടാക്കിയില്ല - കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 16,200/- രൂപ നഷ്ടം.

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലേലം ഇനത്തിൽ താഴെ പറയുന്ന പ്രകാരം 1,80,000/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ലേലത്തുകക്ക് ജി.എസ്.ടി ഈടാക്കാത്തതിനാൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 16,200/- രൂപ വീതം (ആകെ 32,400/- രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ലേലം കൊണ്ടയാളുടെ പേരും വിലാസവും. | ലേലത്തുക | ജി.എസ്. ടി |
|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ലേലം. | ശ്രീ.മുഹമ്മദ് ഇസ്ഹാഖ്, | 1,61,400/- രൂപ. | എസ്.ജി.എസ്.ടി (9%) 14526/- |

| | | | | |
|---|---|---|---|---|
| | | അമ്പലയൻ ഹൗസ്, കാളികാവ്. | | സി.ജി.എസ്.ടി (9%) 14526/- |
| 2 | കംഫർട്ട് സ്റ്റേഷൻ ലേലം. | ശ്രീ.മുഹമ്മദ് ഇസ്ഹാഖ്, അമ്പലയൻ ഹൗസ്, കാളികാവ്. | 10,000/- രൂപ. | എസ്.ജി.എസ്.ടി (9%) 900/- സി.ജി.എസ്.ടി (9%) 900/- |
| 3 | ഫലവൃക്ഷങ്ങളുടെ ലേലം. | ശ്രീ.ബാബു സലാം, ബംഗാളത്ത് ഹൗസ്, കാളികാവ്. | 8600/- രൂപ. | എസ്.ജി.എസ്.ടി (9%) 774/- സി.ജി.എസ്.ടി (9%) 774/- |
| ആകെ | | | 1,80,000/- രൂപ. | എസ്.ജി.എസ്.ടി 16200/- സി.ജി.എസ്.ടി 16200/- |

ജി.എസ്.ടി ഈടാക്കാത്തതിന് മതിയായ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതും അല്ലാത്ത പക്ഷം നഷ്ടത്തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറി നമ്പർ: 2/19.7.2021 മറുപടി ലഭ്യമാക്കിയില്ല]

## 1-13 എസ്.സി വിവാഹധനസഹായം സംബന്ധിച്ച്

2019-20 ലെ പ്രൊജക്റ്റ് നമ്പർ 72 എസ്.സി വിവാഹധനസഹായം എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി വകയിരുത്തിയ 1050000 രൂപയും ചെലവഴിച്ച് 14 ഗുണഭോക്താക്കളുടെ വിവാഹത്തിനു 75000 രൂപ വീതം നൽകിയിട്ടുണ്ട്. പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളായി 19 പേരെ 3.6.2019 ലെ 6(1) തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഈ ഗുണഭോക്താക്കളിൽ 7 ആളുകൾക്ക് മാത്രമാണ് ധനസഹായം നൽകിയത്. അവശേഷിക്കുന്ന 12 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതായി കാണുന്നില്ല. എന്നാൽ ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വിവാഹധനസഹായം നൽകിയതായും കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | വധു |
|---|---|---|
| 1 | ഗോപാലൻ ചാത്രു | വിജിഷ |
| 2 | ഇന്ദിര പാമ്പാടി | ജിൻഷി |
| 3 | ഇന്ദിര പാമ്പാടി | ജിൻഷ |
| 4 | രാധാമണി പട്ടത്ത് | ശിൽപ്പ |
| 5 | വേലായുധൻ ചേരിക്കമ്മൽ | സൗമ്യ |
| 6. | അമ്മു എളായി | ശിൽപ്പ |
| 7 | ലീല കളത്തിൽ | ഷിജില |

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ ധനസഹായം ലഭിക്കാതെ മാറ്റി നിർത്തപ്പെടുകയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർ ധന സഹായം കൈപ്പറ്റുകയും ചെയ്തതായാണ് പ്രൊജക്റ്റ് ഫയലിൽ നിന്ന് മനസ്സിലാകുന്നത്. ആയതിന്റെ കാരണങ്ങൾ വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/16-07-21 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-14 ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം കാളികാവ് ഗ്രാമ പഞ്ചായത്തിലെ വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്/ കയർപിരി ഷെഡ് കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 10 രൂപയും ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയും 100 ച.മീ വരെ

തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 30 രൂപയുമാണ് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇതരവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1).ശ്രീ.ഷൗക്കത്തലി .എം, ആലുങ്ങൽ ഹൗസ്, മൂച്ചിക്കൽ , അഞ്ചച്ചാവിടി എന്നവരുടെ ഉടമസ്ഥതയിലുള്ള 103.29 ച.മീറ്റർ തറവിസ്തീർണ്ണമുള്ള XVIII/542Cനമ്പർ കെട്ടിടത്തിന് 10രൂപ നിരക്കിലാണ് നികുതി ചുമത്തിയിട്ടുള്ളത്. 2019-20വർഷത്തിൽ 17 HP യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് റബ് വുഡ് നിർമ്മാണ യൂണിറ്റിന് (ആലുങ്ങൽ ഫർണിച്ചർ & റബ് വുഡ്) ലൈസൻസ് (54/2019-20) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 10 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 2603/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതരവ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 103.29 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 103.29 X40) | 4132രൂപ |
| (-) ഇളവ് - 20 % (മേഖല 10%+ മേൽക്കൂര 10%) | 826രൂപ |
| (+) വർദ്ധനവ് - | ഇല്ല |
| ഈടാക്കേണ്ട വസ്തുനികുതി | 3306രൂപ |
| ഈടാക്കിയ വസ്തുനികുതി | 827രൂപ. |
| ഈടാക്കിയതിൽ കുറവ് | 2479രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (3306 * 5%) | 166രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 42രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 124 രൂപ. |
| ആകെ നഷ്ടം (2479+ 124 ) | 2603 രൂപ. |

2). ശ്രീ.യു.സി ഗോവിന്ദൻ നമ്പൂതിരി, യു.സി മന, മൂച്ചിക്കൽ , കാളികാവ്എന്നവരുടെ ഉടമസ്ഥതയിലുള്ള 183 ച.മീറ്റർ തറവിസ്തീർണ്ണമുള്ള VII/498നമ്പർ കെട്ടിടത്തിൽ 2019-20വർഷത്തിൽ 44 HP യന്ത്ര സാമഗ്രികൾ ഉപയോഗിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റിന് ലൈസൻസ് (387/2019-20) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന് കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 10 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 6341/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതരവ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 183ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 183x40) | 7320രൂപ |
| (-) ഇളവ് - 10 % (മേൽക്കൂര 10%) | 732രൂപ |
| (+) വർദ്ധനവ് - 20% (വഴി സൗകര്യം) | 1464 |
| ഈടാക്കേണ്ട വസ്തുനികുതി | 8052രൂപ |
| ഈടാക്കിയ വസ്തുനികുതി | 2013രൂപ. |
| | |

| | |
|---|---|
| ഈടാക്കിയതിൽ കുറവ് | 6039രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (8052* 5%) | 403രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 101രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 302 രൂപ. |
| ആകെ നഷ്ടം (6039+ 302 ) | 6341 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിയ്ക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രേഖകൾ എന്നിവ പരിശോധിച്ചതിൽനിന്ന് മേൽ ഉദാഹരണങ്ങൾക്ക പുറമെ ധാരാളം കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി ചുമത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ/ വിസ്തീർണ്ണം | സഞ്ചയ പ്രകാരം ഉപയോഗ ക്രമം | ലൈസൻസ് അനുവദിച്ചത്/ ഉപയോഗ ക്രമം |
|---|---|---|---|
| 1 | II/323B<br>60.2 ച.മീ | 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം | ആലുങ്ങൽ റൈസ് &ഫ്ലോർമില്ല് 15 HP<br>ഇതര വ്യവസായം |
| 2 | VII/774<br>78 ച.മീ | 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം | പയനീയർ എഞ്ചിനീയറിംഗ് ഇന്റസ്ട്രീസ്<br>ഇതര വ്യവസായം |
| 3 | IV/42- D,E,F,G<br>15.94X3 +15.96= 63.78 ച.മീ | 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം | ടി.കെ ഫ്ലോർ & ഓയിൽ മില്ല്<br>30 HP<br>ഇതര വ്യവസായം |
| 4 | VIII/497<br>22 ച.മീ | കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | നാജിയ ഫ്ലോർ & ഓയിൽ മില്ല്<br>10 HP<br>ഇതര വ്യവസായം |
| 5 | XVII/160B<br>40.03 ച.മീ | 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം | CKഫ്ലോർ മില്ല്<br>10 HP<br>ഇതര വ്യവസായം |
| 6 | III/389B<br>16.1 ച.മീ | 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം | ലിയ റൈസ് മില്ല്<br>15HP<br>ഇതര വ്യവസായം |
| 7 | II/613, 614 | 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം | ആലിഫ് ഇന്റസ്ട്രീസ്7HP<br>ഇതര വ്യവസായം |
| 8 | XIII/379 | 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം | അൽഫലാഹ് ഫ്ലോർ & ഓയിൽ മില്ല് 25HP<br>ഇതര വ്യവസായം |
| 9 | XIX/25 | കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | റബ്ബർ വുഡ് ഇന്റസ്ട്രീസ്<br>ഇതര വ്യവസായം |
| 10 | VII/818 | കൈത്തറി ഷെഡ്/ കയർപിരി ഷെഡ് | നാഷണൽ ബിൽഡിംഗ് മെറ്റീരിയൽസ് 15HP<br>ഇതര വ്യവസായം |

അപേക്ഷകൾ പരിശോധിച്ച് ലൈസൻസ് നല്കുന്ന സമയത്ത് വസ്തുനികുതി നിർണ്ണയ വിവരം കൂടിപരിശോധിച്ച് കെട്ടിടങ്ങളുടെ ഉപയോഗം/ ഉപയോഗ സ്വഭാവം മാറുന്നതിനനുസരിച്ച് ഒക്യുപ്പൻസി മാറ്റുന്നതിനും വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

അപാകതയുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 3 /19.07.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

## 1-15 പെർമിറ്റ് - അപാകതകൾ

2011 ലെ കേരള പഞ്ചാത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 38, 2019 ലെ കേരള പഞ്ചാത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 29 എന്നിവ പ്രകാരം ഓരോ കെട്ടിടത്തിനും തെരുവു വിട്ടുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ തെരുവു വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തും തെരുവിലേക്കുള്ള മതിയായ വാഹന പ്രവേശന മാർഗ്ഗമുണ്ടായിരിക്കേണ്ടതും പാർക്കിംഗ് സ്ഥലം കൂടാതെ ഡ്രൈവ് ഏര്യ നിരകൾക്ക് മദ്ധ്യേയുള്ള പാത, വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളവയായിരിക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ അംഗീകരിച്ച പ്ലാനിൽ പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുണ്ടെങ്കിലും വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം നൽകിയിട്ടില്ല.

| ക്രമ നം | അപേക്ഷകൻ | കെട്ടിടത്തിന്റെ വിനിയോഗം/ വിസ്തീർണ്ണം | പെർമിറ്റ് വിവരം | കുറിപ്പ് |
|---|---|---|---|---|
| 1 | ഫിറോസ് ബാബു, കറളിക്കാട്ടിൽ, തണ്ടുപാറക്കൽ, അഞ്ചച്ചവിടി<br>670/19 തി.08.02.19 | വാണിജ്യകെട്ടിടം<br>392.46 ച.മീ | A3-BA(71707)/2019<br>തി.11.02.2019 | പെർമിറ്റ് ഫീ അടച്ചത്- 1962/- 119010100028/<br>05.04.2019<br>പെർമിറ്റ് കാലയളവ്- 05.04.2021 വരെ |

ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണ അനുമതി നൽകിയത് ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 12/22.07.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് കെ.പി.ബി.ആർ 2011 ചട്ടം 29 പ്രകാരം അനുവദനീയമായ 4 പാർക്കിംഗ് ആവശ്യമാണ്. എന്നാൽ ഡ്രോയിംഗിൽ 5 പാർക്കിംഗ്കാണിച്ചതിനാലാണ് പ്രവേശന മാർഗ്ഗത്തിന് തടസ്സം സൃഷ്ടിക്കുന്നതെന്നും ആയതിനാൽ അധികമായി കാണിച്ച പാർക്കിംഗ് ഒഴിവാക്കിയാൽ അപാകത പരിഹരിക്കാമെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ അധികമായി കാണിച്ച പാർക്കിംഗ് ഒഴിവാക്കിയാലും പാർക്കിംഗ് സ്ഥലം കൂടാതെ ഡ്രൈവ് ഏര്യ നിരകൾക്ക് മദ്ധ്യേയുള്ള പാതയിൽ വാഹനങ്ങൾ തിരിക്കാനും മറ്റും മതിയായ സ്ഥലം ഉള്ളതായി പ്ലാനിൽ നിന്ന് വ്യക്തമല്ല. പ്രാദേശിക പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതും വിശദ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 കാളികാവ് ടാക്സി സ്റ്റാന്റ് നിർമാണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

പ്രവൃത്തി: കാളികാവ് ടാക്സി സ്റ്റാന്റ് നിർമാണം, 181/18-19, 212/19-20

അടങ്കൽ: 730000 രൂപ (590000- CFC Fund, 140000- Own Fund)

കരാറുകാരൻ: ശ്രീ അക്ബർ

കരാർ: 131/17-18/9-2-18

അളവ് പുസ്തകം: 131/17-18

ചെലവ്: 709484 രൂപ (ബിൽ നമ്പർ 18/19-20/29-6-19: 590000 രൂപ, ചെക്ക് നമ്പർ 3043026/2-7-19:119484 രൂപ)

വികസന സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ: 1/29-5-17

ഭരണാനുമതി: 1(4)/29-5-17

സാങ്കേതികാനുമതി: 75700/17-18/30-9-17

കാളികാവ് ഗ്രാമപ്പഞ്ചായത്തിൽ ഒരു ടാക്സി സ്റ്റാൻ്റ് നിർമ്മിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. 29-5-2017 ൽ ഭരണാനുമതി ലഭിച്ച ഈ പ്രോജക്ടിൻ്റെ നിർവ്വഹണം തുടങ്ങുന്നത് 8-3-19 (അളവ് പുസ്തകം പേജ് 1) ലാണ്. ഇരുമ്പ് പൈപ്പ്/സ്ക്വയർ പൈപ്പ് കൊണ്ട് മേൽക്കൂര നിർമിച്ച് ഷീറ്റ് മേയുന്നതിനുള്ളതാണ് മേൽ പദ്ധതി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ഈ പദ്ധതി പ്രകാരമുള്ള ടാക്സി സ്റ്റാൻ്റ് നിർമിച്ചിരിക്കുന്നത് ഗ്രാമപ്പഞ്ചായത്തിൻ്റെ ഉടമസ്ഥതിലുള്ള സ്ഥലത്തല്ല; PWD ഉടമസ്ഥതിലുള്ള സ്ഥലത്താണ്. തൃക്കലങ്ങോട്-വണ്ടൂർ-കാളികാവ് PWD റോഡിൽ കി. മീ. 19/550 ൽ കറുത്തേനി എന്ന സ്ഥലത്ത് വലത് ഭാഗത്താണ് ടാക്സി സ്റ്റാൻ്റ് നിർമ്മിച്ചിട്ടുള്ളത്. മഞ്ചേരി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 7-3-2019 ലെ ഇ2-1184/2019 നമ്പർ കത്ത് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമപ്പഞ്ചായത്തിൻ്റെ ഉടമസ്ഥതിലുള്ള സ്ഥലത്തല്ലാത്ത നിർമാണത്തിന് സർക്കാറിൻ്റെ പ്രത്യേകാനുമതി ലഭിച്ചതായി കാണുന്നില്ല. സർക്കാറിൻ്റെ പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണ്.

2) ഈ പ്രോജക്ടിൻ്റെ നിർവ്വഹണം തുടങ്ങുന്നത്, എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് ശേഷമാണ് (RE No 75700/17-18, (R-125) Dated 20-2-18). 29-5-2017 ൽ ഭരണാനുമതിയും 30-9-17ൽ സാങ്കേതികാനുമതിയും ലഭിച്ച ഈ പ്രോജക്ട് നിർവ്വഹണം തുടങ്ങുന്നത് 8-3-19 (അളവ് പുസ്തകം പേജ് 1) ലാണ്. മാത്രമല്ല, 9-2-18 ൽ കരാർ വെച്ച ഈ പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറുന്നത് 7-3-19 ലാണ്. ഗ്രാമപ്പഞ്ചായത്തിൻ്റെ ഉടമസ്ഥതിലുള്ള സ്ഥലത്തല്ല നിർവ്വഹണം നടത്തിയിട്ടുള്ളതെങ്കിലും, 181/18-19 നമ്പർ പ്രൊജക്ടിലെ ക്രമ നമ്പർ 35 പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപനത്തിൻ്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് നിർവ്വഹണം നടത്തുന്നത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പ്രൊജക്ടിൽ തെറ്റായ വിവരം നൽകിയത് വിശദമാക്കേണ്ടതാണ്.

3) ഈ പദ്ധതി പ്രകാരമുള്ള ടാക്സി സ്റ്റാൻ്റ് നിർമിച്ചിരിക്കുന്നത് PWD റോഡിൽ നിന്നും ഏകദേശം ഒരു മീറ്റർ മാത്രം അകലത്തിലാണെന്ന് 23-7-2021 ൽ അസിസ്റ്റൻ്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. മഞ്ചേരി പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 7-3-2019 ലെ ഇ2-1184/2019 നംപർ അനുമതിയുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒമ്പത് നിബന്ധനകൾക്ക് വിധേയമായിട്ടാണ് നിർമാണത്തിന് അനുമതി നൽകിയിട്ടുള്ളത്. അതിൽ പ്രധാനപ്പെട്ടവയിൽ ഒന്ന് " റോഡ് വികസനത്തിന് പ്രസ്തുത പണികൾ തടസ്സമാകുന്ന പക്ഷം പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുമ്പോൾ നിർമിതികൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മാറ്റേണ്ടതാണ് " എന്നതാണ്. PWD റോഡിൽ നിന്നും ഏകദേശം ഒരു മീറ്റർ മാത്രം അകലത്തിൽ നിർമാണം നടത്തിയിട്ടുള്ളതിനാൽ ചെറിയ രീതിയിലുള്ള ഒരു റോഡ് വികസനം വരികയാണെങ്കിൽ പോലും മേൽ നിർമിതി പൊളിച്ച് മാറ്റേണ്ടതായി വരികയും ചെയ്യാം. മാത്രമല്ല, ഈ ടാക്സി സ്റ്റാൻ്റ് നിർമിച്ച കറുത്തേനി എന്ന സ്ഥലം കാളികാവ് ഗ്രാമപ്പഞ്ചായത്തിലെ വാഹന/ജന ബാഹുല്ല്യമുള്ള ഒരു സ്ഥലമോ ടാക്സി സ്റ്റാൻ്റ് അത്യാവശ്യമുള്ള ഒരു സ്ഥലമോ അല്ലെന്നും 23-7-2021 ൽ അസിസ്റ്റൻ്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നിട്ടും ഇവിടെ ടാക്സി സ്റ്റാൻ്റ് നിർമിച്ചത് വ്യക്തമാക്കേണ്ടതാണ്.

4) ഈ പ്രോജക്ടിൻ്റെ എസ്റ്റിമേറ്റ്, RE No 75700/17-18, (R-125) Dated 20-2-18 പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. ആയതിൽ എക്സ്ട്രാ ഐറ്റം (2) ആയി ഉൾപ്പെടുത്തിയിരിക്കുന്നത് ഇരുമ്പ് പൈപ്പ്/സ്ക്വയർ പൈപ്പ് കൊണ്ട് നിർമിച്ച തൂണുകൾ ACP ബോഡ് ഉപയോഗിച്ച് മോടി കൂട്ടുന്നതിനും ACP ബോഡ് ഉപയോഗിച്ച് നെയിം ബോർഡ് സ്ഥാപിക്കുന്നതിനുമുള്ളതാണ്. ഒരു ടാക്സി സ്റ്റാൻ്റിനെ സംബന്ധിച്ച് ഈ ഇനം പ്രവൃത്തി തീർത്തും ആവശ്യമില്ലാത്തതാണ്. ഈ പ്രവൃത്തിക്ക് മാത്രം 259922.43 രൂപ (69.40m2 X 3745.28/M2) ചെലവഴിച്ചിട്ടുണ്ട്. (മൊത്തം ചെലവിൻ്റെ 36.63%) തികച്ചും അനാവശ്യമായ ഒരു പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമെറ്റിൽ ഉൾപ്പെടുത്തി 259922.43 രൂപയുടെ ചെലവ് വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

5) ഈ ടാക്സി സ്റ്റാൻ്റ് പിന്നീട് ഗ്രാമപ്പഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ച് വൈദ്യുതീകരിക്കുകയും ഗ്രാമപ്പഞ്ചായത്ത് ആയതിൻ്റെ വൈദ്യുതി ചാർജ് അടവാക്കുകയും ചെയ്യുന്നുണ്ട്.എന്നാൽ ഗ്രാമപ്പഞ്ചായത്തിന് ഇതിൽ നിന്നും യൂസർ ഫീസ് ഇനത്തിൽ വരുമാനം ഒന്നും തന്നെ ലഭിക്കുന്നില്ല.

മേൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/26-7-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളിലെ ഇനം (4) പ്രകാരമുള്ള ചെലവിൻ്റെ ആവശ്യകത വ്യക്തമല്ല. ഇത്തരം ഒരു ചെലവ് വരുന്ന വിധത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്ത ഉദ്യോഗസ്ഥരിൽനിന്നും ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും തൃപ്തികരമല്ലെങ്കിൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അവശേഷിക്കുന്ന അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-17 മുഴുവൻ ഏരിയക്കും പെർമിറ്റ് ഫീ ഈടാക്കിയില്ല

താഴെ കൊടുത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചപ്പോൾ മുഴുവൻ ഏരിയക്കും പെർമിറ്റ് ഫീ ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ | സമർപ്പിച്ച പ്ലാൻ പ്രകാരം ഏരിയ | പെർമിറ്റ് ഫീ ഈടാക്കിയ വിവരം | പെർമിറ്റ് വിവരം | കുറിപ്പ് |
|---|---|---|---|---|---|
| 1 | ശ്രീ.ഉമ്മർ എറമ്പത്ത്ഹൗസ്, ഉദിരംപൊയിൽ, പുല്ലങ്ങോട്<br>A3-5659/19 തി.18.12.2019<br>A3-52/20 തി.03.01.2020 | 1179.30ച.മീ | 8119/- രൂപ 119010104622/25.01.20 (811.85X10) | A3-5659/19 തി.27.01.2020<br>GF-398.84 M2 (Com)<br>FF-398.84 M2 V(Com)<br>Stair Room-14.17 M2 | Under Ground Floor 367.45 ച.മീ ഫീ ഈടാക്കിയില്ല |
| 2 | ശ്രീ.കുഞ്ഞിമുഹമ്മദ് & ശ്രീ.യൂസഫ് ,<br>വള്ളിക്കാപറമ്പിൽ ഹൗസ്, നീലാഞ്ചേരി.പി.ഒ<br>A3-164/20 തി.03.01.2020 | 920.05 ച.മീ | 8305/- 119010104636/27.01.20 | A3-164/20<br>തി.27.01.2020<br>GF-289.73 M2(Com)<br>FF-326.73 M2(Com)<br>SF-213.97 M2(Res) | GF ലെ 90.07 ച.മീ ഫീ ഈടാക്കിയില്ല |

പെർമിറ്റ് ഫീ ഈടാക്കിയപ്പോൾ അപേക്ഷകർ സമർപ്പിച്ച പ്ലാൻ പ്രകാരമുള്ള മുഴുവൻ ഏരിയയും കണക്കിലെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 13/22.07.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ശ്രീ.ഉമ്മർ എറമ്പത്ത് ഹൗസ്, ഉദിരംപൊയിൽ, പുല്ലങ്ങോട് എന്നവർ 121010100587/26.07.2021 രശീതി പ്രകാരം 3675/- രൂപയും ശ്രീ.കുഞ്ഞിമുഹമ്മദ് & ശ്രീ.യൂസഫ്, വള്ളിക്കാപറമ്പിൽ ഹൗസ് എന്നവർ 121010100586/23.07.2021 രശീതി പ്രകാരം 901/- രൂപയും അടവാക്കി.

## 1-18 കെട്ടിട നിർമ്മാണ അപേക്ഷ / ഫയൽ/രജിസ്റ്റർ - അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പഞ്ചായത്തിൽ പാലിച്ചതായി കാണുന്നില്ല.

(1).കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ , ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(2).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും ,പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(3).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(4).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

എന്നാൽ കെട്ടിട നിർമ്മാണ അപേക്ഷ തുടർ നടപടികളിൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. അപേക്ഷകൾ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷ്മ പരിശോധന നടത്തി നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോ എന്നും പാലിക്കുന്നില്ലാ എങ്കിൽ അപാകതകൾ വിശദമായും റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും അത്തരത്തിൽ വിശദ റിപ്പോർട്ട് എഞ്ചിനീയറിംഗ് വിഭാഗം നൽകുന്നില്ലെന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

അസി. എൻജിനീയറുടെ സാങ്കേതിക പരിശോധന റിപ്പോർട്ടിൽ "അപേക്ഷ പരിശോധിച്ചു. പ്ലാൻ സമർപ്പിച്ചിരിക്കുന്നത് KPBR 2019 ന് വിധേയമല്ല. ആയതിനാൽ അപേക്ഷകനെ അറിയിക്കാവുന്നതാണ് " എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേൽ റിപ്പോർട്ടിൽ അപാകതകളൊന്നും തന്നെ സൂചിപ്പിച്ചിട്ടില്ല. സ്ഥലം സന്ദർശിച്ചതിൽ അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ KPBR 2019 ന് വിധേയമല്ല എന്ന് LSGD അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഫയൽ റിട്ടേൺ ചെയ്യുന്നു. അപാകത പരിഹരിച്ച് 7 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണെന്നുമാത്രമാണ് അപേക്ഷകർക്ക് നൽകിയ കത്തിലും സൂചിപ്പിച്ചത്.

വീണ്ടും അപേക്ഷകൾ ലഭിക്കുമ്പോൾ കത്തിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചതിനാൽ പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന കുറിപ്പ് എഴുതി പെർമിറ്റ് അനുവദിക്കുന്ന രീതിയാണ് കാണുന്നത്. ആയത് തെറ്റായ പ്രവണതയാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ | കെട്ടിടം വിവരം | അപേക്ഷകന് നൽകിയ നോട്ടീസ് വിവരം | പെർമിറ്റ് നമ്പർ |
|---|---|---|---|
| ശ്രീ.മുഹമ്മദാലി,മഠത്തിൽ<br>A3-5640/19 തി.29.11.2019 | 441/6-12<br>415.98ച.മീ<br>വിദ്യഭ്യാസ കെട്ടിടം | എ3-5640/19 തിയ്യതി. 18.12.2019 | A3. 5640/19 Dtd. 27.01.2020 |
| ശ്രീ. ഉമ്മർ എറമ്പത്ത് ഹൗസ്, ഉദിരംപൊയിൽ, പുല്ലങ്ങോട്<br>A3-5639/19 തി.29.11.2019 | 832.21 ച.മീ<br>വാണിജ്യ കെട്ടിടം | എ3-5639/19 തിയ്യതി. 18.12.2019 | A3. 5640/19 Dtd. 27.01.2020 |

കെട്ടിട നിർമ്മാണ അപേക്ഷ / ഫയൽ എന്നിവ കൈകാര്യം ചെയ്യുമ്പോൾ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ: 14/23.7.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണ അപേക്ഷ / ഫയൽ എന്നിവ കൈകാര്യം ചെയ്യുമ്പോൾ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും അസി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-19 വനിത പകൽ വീട് നിർമാണം: അനുയോജ്യമായ സ്ഥലത്ത് നിർമാണംനടത്തിയില്ല

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

പ്രവൃത്തി: വനിത പകൽ വീട് നിർമാണം, 228/18-19, 213/19-20

അടങ്കൽ: 1000000 രൂപ (വികസനഫണ്ട്- ജനറൽ)

അളവ് പുസ്തകം: 132/17-18

ചെലവ്: 767818 രൂപ (ബിൽ നംപർ 16/19-20/29-6-19)

വികസന സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ: 1/24-5-19

ഭരണാനുമതി: 1(2)/25-5-19

കാളികാവ് ഗ്രാമപ്പഞ്ചായത്തിൽ വനിതകൾക്കായി ഒരു പകൽ വീട് നിർമിക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്. പേവുന്തറ അംഗനവാടിയുടെ മുകളിൽ നിർമിക്കാനായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്.ആയതിന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സ്ഥലത്ത് നിർമാണം അപ്രായോഗികമാണെന്ന് കണ്ട്

കാളികാവ് CHC കോമ്പൗണ്ടിൽ നിർമാണം നടത്താൻ ശ്രമിച്ചെങ്കിലും ബ്ളോക്ക് പഞ്ചായത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ അവിടേയും നിർമിക്കാൻ കഴിഞ്ഞില്ല എന്ന് വിശദീകരിക്കപ്പെട്ടു. പിന്നീട് അടക്കാക്കുണ്ട് GLP സ്കൂൾ കോമ്പൗണ്ടിലാണ് നിർമ്മിച്ചിട്ടുള്ളത്.

ഗ്രാമപ്പഞ്ചായത്തിലെ വനിതകൾക്കായി, ഒരു പകൽ വീടാണ് നിർമിക്കുന്നത്. ആയതിനാൽ തന്നെ എല്ലാവർക്കും എത്തിച്ചേരാൻ കഴിയുന്ന ഒരു സ്ഥലത്തായിരിക്കണം ഇത്തരം നിർമാണങ്ങൾ നടത്തേണ്ടത്. ദൗർഭാഗ്യവശാൽ അത്തരം ഒരു സ്ഥലത്തല്ല ഇപ്പോൾ ആയതിന്റെ നിർമാണം നടക്കുന്നത്. പദ്ധതിക്കാവശ്യമായ അനുയോജ്യമായ സ്ഥലം കണ്ടെത്താതെ പ്രൊജക്ട് തയ്യാറാക്കിയതു കൊണ്ടാണ് ഇത്തരത്തിൽ നിർമാണം നടത്തേണ്ടി വന്നത്.

കൂടാതെ, കെട്ടിട നിർമാണം നാളിതുവരേയും പൂർത്തിയായിട്ടുമില്ല. കെടിടത്തിന്റെ സ്കെലിറ്റൻ നിർമിച്ച് പ്ളാസ്റ്ററിംഗ് പ്രവൃത്തി മാത്രമാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കിയിട്ടുള്ളത്. കെട്ടിട നിർമാണത്തിന് സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്താതെ അപൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/26-7-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാരീതിയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-20 എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം. 6/2020

എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ)

വിനിയോഗിച്ച തുക – 20,00,000 രൂപ

ബിൽ നം. 17/19-2020/19.10.19 – 1,00,000

ബിൽ നം. 15/19-2020/19.10.19 – 9,50,000

ബിൽ നം. 16/19-2020/19.10.19 – 9,50,000

നിർവ്വഹണം - സെക്രട്ടറി

2)പ്രോജക്റ്റ് നം. 7/2020

എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ (എസ് സി )

വിനിയോഗിച്ച തുക – 5,00,000 രൂപ(എസ് സി പി )

ബിൽ നം. 14/19-2020/18.10.19 – 5,00,000

നിർവ്വഹണം - സെക്രട്ടറി

പദ്ധതികൾ പ്രകാരം എസ് എസ് എ ജനറൽ, എസ് സി വിഭാഗങ്ങൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം, ജില്ലാ പ്രോജക്റ്റ് ഓഫീസർ എസ് എസ് എ ,മലപ്പുറത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെയും,വിനിയോഗിച്ചതിന്റെയും വിവരം ലഭ്യമാക്കിയില്ല. അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 7/20-07-21 )മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതു വരെ പദ്ധതികൾക്കായി ചെലവഴിച്ച 25,00,000 (20,00,000 + 5,00,000) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 108/2020

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 3,36,600 രൂപ

വൗച്ചർ നം.21901207/16.03.2020 – 49,500 രൂപ

വൗച്ചർ നം.21901209/16.03.2020 – 49,500 രൂപ

വൗച്ചർ നം.21901210/16.03.2020 – 49,500 രൂപ

വൗച്ചർ നം.21901212/16.03.2020 – 49,500 രൂപ

വൗച്ചർ നം.21901208/16.03.2020 – 49,500 രൂപ

വൗച്ചർ നം.21901211/16.03.2020 – 49,500 രൂപ

വൗച്ചർ നം.21901213/16.03.2020 – 39,600 രൂപ

നിർവ്വഹണം - സെക്രട്ടറി

കാളികാവ് ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും ടെണ്ടർ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്ത ഗ്രീൻ ലീഫ് ടെക്നോളജി ശ്രീകൃഷ്ണപുരം, പാലക്കാട് എന്ന സ്ഥാപനം മുഖേന 30 വാട്സ് എ സി, എൽ ഇ ഡി 204 എണ്ണം സ്ട്രീറ്റ് ലൈറ്റുകൾ (ഫിറ്റിംഗ് ചാർജ് ഉൾപ്പെടെ ഒന്നിന് 1650 രൂപ നിരക്കിൽ) സ്ഥാപിക്കുകയാണ് പദ്ധതി മുഖേന ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. .കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷൻ കാളികാവ് അസി.എഞ്ചിനീയറുടെ നം.RB/SL/KKV/2017-18/01(തീയ്യതി വ്യക്തമല്ല)കത്തിൽ പ്രകാരമുള്ള 1001 തെരുവുവിളക്കുകളുടെ വിവരമാണ് തെരുവുവിളക്കുകളുടെ രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാണിയമ്പലം ഇലക്ട്രിക്കൽ ഡിവിഷനു കിഴിൽ വരുന്ന തെരുവുവിളക്കുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും ആയവ സംബന്ധിച്ച് വിവരമില്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). കൂടാതെ,ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2)വാണിയമ്പലം, കാളികാവ് കെ എസ് ഇ ബി ഡിവിഷനുകളിൽ ഉൾപ്പെട്ടതാണ് പുതിയതായി സ്ഥാപിച്ച തെരുവ് വിളക്കുകൾ.വൗച്ചർ നം.21901052/04.03.2020പ്രകാരം 4229 രൂപ കെ എസ് ഇ ബി കാളികാവ് ഡിവിഷനിൽ സൂപ്പർവിഷൻ ചാർജിനത്തിൽ അടവാക്കിയിട്ടുണ്ട്.(170 30 വാട്സ് ലൈറ്റുകൾക്ക്) എന്നാൽ അവശേഷിച്ചവക്ക് വാണിയമ്പലം ഡിവിഷനിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയോയെന്ന് വ്യക്തമല്ല.കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല. പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും പ്രസ്തുത ഡിവിഷനുകളിൽ നിന്നും ലഭിച്ചിട്ടില്ല.ആയവ ലഭ്യമാക്കേണ്ടതാണ്.

വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്.

3) 22.09.2015ലെ സ.ഉ(സാധാ)നം. 2878/15/തസ്വഭവ പ്രാകാരം ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം എന്നിവക്ക് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ സേവനം ഉപയോഗിക്കാൻ നിർദ്ദേശമുള്ളതാണ്. ആയത് പാലിച്ചിട്ടില്ല.സപ്ലൈ ചെയ്ത ഉപകരണങ്ങളുടെ ക്ഷമത സംബന്ധിച്ച് യോഗ്യരായ ഉദ്യോഗസ്ഥർ മുഖേന പരിശോധന നടത്തിയിട്ടില്ല.തെരഞ്ഞെടുത്ത സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ അതേപടി അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.

4)സ്ഥാപനവുമായി 15.02.2020 ന് ഒപ്പുവെച്ച ഉടമ്പടി പ്രകാരം 36 മാസത്തെ വാറണ്ടി സ്ഥാപനം നൽകുന്നുണ്ട്.വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ്.ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.

5) മേൽ ബിൽ നമ്പറുകൾ പ്രകാരമാണ് തുക നൽകിയിട്ടുള്ളതെങ്കിലും ഫയലിൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം തെരുവുവിളക്കുകൾ ലഭ്യമായതിന്റെ വിവരമാണുള്ളത്.

| ക്രമ നം. | ഇൻവോയിസ് നം./തീയ്യതി | തുക | ലഭ്യമാക്കിയ തെരുവുവിളക്കുകളുടെ എണ്ണം |
|---|---|---|---|
| 1 | GST058/07.03.2020 | 49,500 | 30 |
| 2 | GST056/06.03.2020 | 49,500 | 30 |
| 3 | GST064/10.03.2020 | 49,500 | 30 |
| 4 | GST060/08.03.2020 | 49,500 | 30 |
| | | | |

| | | | |
|---|---|---|---|
| 5 | GST066/11.03.2020 | 39,600 | 24 |
| | ആകെ | | 144 |

അവശേഷിച്ച തെരുവ് വിളക്കുകൾ സ്ഥാപനം ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം.8/22.07.2021) മറുപടി ലഭ്യമാക്കിയില്ല.ചെലവു തുക 3,36,600 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരമില്ല.

2019-20 വർഷത്തിൽ കാളികാവ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ആയവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിവരം | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | പ്രോജക്റ്റ് നം. 30/2020<br>കാളികാവ് പുഴയിൽ തടയണ നിർമ്മാണം-മൈനർ ഇറിഗേഷൻ ഡിപ്പോർട്ട്മെന്റിലേക്ക് തുക നൽകൽ | 2,00,000 രൂപ<br>(പ്ലാൻ -ജനറൽ )<br>ബിൽ നം. 11/19-20/10.10.2019 | പ്രവൃത്തിക്കായി 2,00,000 രൂപ എക്സി.എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 2 | പ്രോജക്റ്റ് നം. 192/2020<br>ചെറൂത്ത് തണ്ട്കോട് വഴി മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | 1,00,000 രൂപ (പ്ലാൻ ഫണ്ട്-13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം. 29/19-20/ 18.01.2020 | പ്രവൃത്തിക്കായി 1,00,000 രൂപ എക്സി .എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല . |
| 3 | പ്രോജക്റ്റ് നം. 155/2020<br>കുറുപൊയിൽ -വാഴകുന്ന് റോഡിലൂടെ മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 4,00,000 രൂപ (പ്ലാൻ ഫണ്ട്-13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം. 23/19-20/ 18.01.2020 | പ്രവൃത്തിക്കായി 4,00,000 രൂപ എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റ വിവരം പരിശോധിച്ചതിൽ 3,58,058 രൂപയാണ് പദ്ധതിക്കായി വിനിയോഗിച്ചത്. അവശേഷിച്ച 41,942 രൂപ തിരികെ ലഭ്യമായതിന്റെയും,ആയത് ക്രമീകരിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 4 | പ്രോജക്റ്റ് നം. 159/2020<br>പുറമണ്ണ പുറ്റംകുന്ന് ഭാഗത്തേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 1,00,000രൂപ<br>(പ്ലാൻ ഫണ്ട്- 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം. 27/19-20/ 18.01.2020 | പ്രവൃത്തിക്കായി 1,00,000 രൂപ എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 5 | പ്രോജക്റ്റ് നം. | 2,50,000രൂപ | പ്രവൃത്തിക്കായി 2,50,000 രൂപ |

| | | | |
|---|---|---|---|
| | 162/2020<br>മൂച്ചിക്കൽ സബ്സെന്റർ റോഡിലൂടെ കളത്തിങ്ങൽകുന്ന് അയ്യപ്പൻ കോളനിയിലേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | (പ്ലാൻ ഫണ്ട്- 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം. 28/19-20/ 18.01.2020 | എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധിച്ചതിൽ 2,39,202 രൂപയാണ് പദ്ധതിക്കായി വിനിയോഗിച്ചത്. അവശേഷിച്ച 10,798 രൂപ തിരികെ ലഭ്യമായതിന്റെയും, ആയത് ക്രമീകരിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 6 | പ്രോജക്റ്റ് നം. 158/2020<br>പള്ളികുളം തിരുത്തുമ്മൽ വീട് റോഡ് ഭാഗത്തേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 1,00,000രൂപ<br>(പ്ലാൻ ഫണ്ട്- 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം. 26/19-20/ 18.01.2020 | പ്രവൃത്തിക്കായി 1,00,000 രൂപ എക്സി .എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 7 | പ്രോജക്റ്റ് നം. 157/2020<br>ആമപ്പൊയിൽ-വെള്ളംച്ചാട്ടുകല്ല് ഭാഗത്തേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 1,50,000രൂപ(പ്ലാൻ ഫണ്ട്- 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം. 25/19-20/ 18.01.2020 | പ്രവൃത്തിക്കായി 1,50,000 രൂപ എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധിച്ചതിൽ 1,34,818 രൂപയാണ് പദ്ധതിക്കായി വിനിയോഗിച്ചത്. അവശേഷിച്ച 15,182 രൂപ തിരികെ ലഭ്യമായതിന്റെയും,ആയത് ക്രമീകരിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 8 | പ്രോജക്റ്റ് നം. 156/2020<br>പള്ളിക്കുന്ന് അംഗനവാടി റോഡിലൂടെ മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2,50,000രൂപ<br>(പ്ലാൻ ഫണ്ട്- 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ബിൽ നം. 24/19-20/ 18.01.2020 | പ്രവൃത്തിക്കായി 2,50,000 രൂപ എക്സി .എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി,പി എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധിച്ചതിൽ 2,25,720 രൂപയാണ് പദ്ധതിക്കായി വിനിയോഗിച്ചത്. അവശേഷിച്ച 24,280 രൂപ തിരികെ ലഭ്യമായതിന്റെയും, ആയത് ക്രമീകരിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| 9 | പ്രോജക്റ്റ് നം. 154/2020<br>മേലേ കാളികാവ് ഉള്ളാട്ടിൽ റോഡിൽ | 3,50,000രൂപ<br>(പ്ലാൻ ഫണ്ട്- 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | പ്രവൃത്തിക്കായി 3,50,000 രൂപ എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ മലപ്പുറത്തിന് |

| | | | |
|---|---|---|---|
| | മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 22/19-20/ 18.01.2020 | നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ചതിന്റെ വിവരം പരിശോധിച്ചതിൽ 2,99,273 രൂപയാണ് പദ്ധതിക്കായി വിനിയോഗിച്ചത്. അവശേഷിച്ച 50,727 രൂപ തിരികെ ലഭ്യമായതിന്റെയും,ആയത് ക്രമീകരിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. |

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 9 /22.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ പദ്ധതികൾക്കായി ചെലവഴിച്ച 19,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 പൊതുടാപ്പുകൾ - സംയുക്തപരിശോധന നടത്തിയില്ല

കേരള ജല അതോറിറ്റി പരിപാലിക്കുന്ന കുടിവെള്ള സ്കീമുകളിലെ പൊതുടാപ്പുകളിലൂടെയുള്ള ശുദ്ധജല വിതരണത്തിന്റെ ചെലവിനത്തിൽ മാസം തോറും 3063 രൂപ വീതം(7 ടാപ്പുകൾക്ക്) 36,756 രൂപ 2019-20 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും കേരള ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. സ.ഉ (സാധാ)നം.1275 /2009/ തസ്വഭവ തി.30.05.2009 ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. അപ്രകാരം സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമല്ലാത്ത ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമാക്കേണ്ടതും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നൊള്ളുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ആയതിന് പൊതുടാപ്പുകൾക്ക് മേൽ ഉത്തരവു പ്രകാരം മീറ്റർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചുണ്ട്. അപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം. 11/22.07.2021) സംയുക്തപരിശോധന നടത്തി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

## 1-24 ഉറവിട മാലിന്യസംസ്കരണ സംവിധാനം നടപ്പിൽ വരുത്തിയില്ല.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 262/2020 പ്രകാരം 1,54,452 രൂപ 'ഹരിത സഹായ സ്ഥാപനമായ ഐ ആർ ടി സി (ഇൻറർ ഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ) മുണ്ടൂർ, പാലക്കാട് എന്ന സ്ഥാപനത്തിന് (വൗച്ചർ നം. 21900757/22.01.2020) തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സാ.ഉ(സാധാ) നം. 2420/2017/ത.സ്വ.ഭ.വ തി. 15.07.2017 പ്രകാരം മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹരിത സഹായ സ്ഥാപനമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തതാണ് പ്രസ്തുത സ്ഥാപനത്തെ. ആയതിനുള്ള ഫീസായാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്.

2019 ആഗസ്റ്റ് 3 ന് സ്ഥാപനവുമായി ഒപ്പുവെച്ച ഉടമ്പടിയുടെ പകർപ്പ് പരിശോധിച്ചതിൽ, ഹരിത കേരളം മിഷൻ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം (സാ.ഉ(സാധാ) നം. 2420/2017/ത.സ്വ.ഭ.വ തി. 15.07.2017) വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായുള്ള ഹരിത സഹായ സ്ഥാപനത്തിന്റെയും ഹരിത കർമ്മസേനയുടെയും സഹായത്തോടെ തയ്യാറാക്കുകയും, ഹരിത കർമ്മസേനയുടെ സഹായത്തോടെ അജൈവ മാലിന്യസംഭരണ കേന്ദ്രവും, ഓഫീസ് പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങളും ഒരുക്കേണ്ടത് ഒന്നാം കക്ഷിയായ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ആയതിലേക്ക് ആവശ്യമായ പരിശീലനവും, മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക, പരിപാടി വിജയിപ്പിക്കുന്നതിനാവശ്യമായ കർമ്മപദ്ധതി തയ്യാറാക്കുക, റിപ്പോർട്ടുകൾ തയ്യാറാക്കുക മുതലായവയാണ് രണ്ടാം കക്ഷിയായ ഐ ആർ ടി സി യുടെ ചുമതല.

എന്നാൽ ഗ്രാമപഞ്ചായത്ത് നാളിതുവരെയും മേൽ പ്രകാരമുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സ്ഥാപനവുമായി 2019 ആഗസ്റ്റ് 3 ന് ഒപ്പുവെച്ച ഉടമ്പടിയുടെ അസ്സൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല. വിഷയം പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 10/22.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. നാളിതുവരെയും ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 16.07.2021 മുതൽ 21.07.2021 വരെ | റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | | 247/2020ലൈഫ് ഭവനപദ്ധതി | | |

വാർഷിക കണക്ക് പ്രകാരം തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 12,54,323 രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി 39,06,664 രൂപയും ലഭ്യമായിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ചേർത്തിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മൈനർ ഇറിഗേഷൻ ഡിപ്പോർട്ട്മെന്റ് | പ്രോജക്റ്റ് നം. 30/2020 കാളികാവ് പുഴയിൽ തടയണ നിർമ്മാണം | ബിൽ നം. 11/19-20/10.10.2019 | 2,00,000 രൂപ | - | 2,00,000 രൂപ |
| കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 192/2020 ചെറുത്ത് തണ്ട്കോട് വഴി മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ പദ്ധതി | ബിൽ നം. 29/19-20/ 18.01.2020 | 1,00,000 രൂപ | - | 1,00,000 രൂപ |
| കേരള വാട്ടർ | പ്രോജക്റ്റ് നം. | ബിൽ നം. | 4,00,000 | 3,58,058 | 41,942 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | അതോറിറ്റി, | 155/2020 കുറുപൊയിൽ -വാഴകുന്ന് റോഡിലൂടെ മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 23/19-20/ 18.01.2020 | രൂപ | രൂപ | |
| | കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 159/2020 പുറ്റമണ്ണ പുറ്റംകുന്ന് ഭാഗത്തേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 27/19-20/ 18.01.2020 | 1,00,000 | - | 1,00,000 |
| | കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 162/2020 മൂച്ചിക്കൽ സബ്സെന്റർ റോഡിലൂടെ കളത്തിങ്ങൽകുന്ന് അയ്യപ്പൻ കോളനിയിലേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 28/19-20/ 18.01.2020 | 2,50,000രൂപ | 2,39,202 | 10,798 രൂപ |
| | കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 158/2020 പള്ളികുളം തിരുത്തുമ്മൽ വീട് റോഡ് ഭാഗത്തേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 26/19-20/ 18.01.2020 | 1,00,000 | - | 1,00,000 |
| | കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 157/2020 ആമപ്പൊയിൽ-വെള്ളംച്ചാട്ടുകല്ല് ഭാഗത്തേക്ക് മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 25/19-20/ 18.01.2020 | 1,50,000 രൂപ | 1,34,818 രൂപ | 15,182 |
| | കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 156/2020 പള്ളിക്കുന്ന് അംഗനവാടി | ബിൽ നം. 24/19-20/ 18.01.2020 | 2,50,000 രൂപ | 2,25,720 രൂപ | 24,280 രൂപ |

| | | | | | |
|---|---|---|---|---|---|
| | റോഡിലൂടെ മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | | | |
| കേരള വാട്ടർ അതോറിറ്റി, | പ്രോജക്റ്റ് നം. 154/2020 മേലേ കാളികാവ് ഉള്ളാട്ടിൽ റോഡിൽ മധുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം. 22/19-20/ 18.01.2020 | 3,50,000രൂപ | 2,99,273 രൂപ | 50,727 രൂപ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ. (എം.എസ്)നം. 227/LSGD തിയതി 18.08.18 | 16741747 | 16741747 | 1477941 | 1,52,63,806 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | 2-8 | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12 2012-13 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(4) | 2016-17 | അനുബന്ധം | വസ്തു നികുതി | നടപടി |

| | | | | | |
|---|---|---|---|---|---|
| | | | 3 | | തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2008-09 | 2-2,2-4,2-6 | എൻ.വി.സലീം | LF8581/Spl.Cell/Sc/D1/12/23.07.2014 | 44580 | 34670 രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,19,20,565 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,93,40,844 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 47,36,600 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 25,00,000 | ശ്രീമതി. രജനി രവീന്ദ്രൻ,സെക്രട്ടറി (ഇൻ- ചാർജ്) |
| 1-21 | 3,36,600 | ശ്രീ.അനൂപ് മോഹനൻ ,സെക്രട്ടറി |
| 1-22 | 19,00,000 | ശ്രീ.അനൂപ് മോഹനൻ ,സെക്രട്ടറി 17,00,000 |
| | | ശ്രീമതി. രജനി രവീന്ദ്രൻ,സെക്രട്ടറി (ഇൻ- ചാർജ്)-2,00,000 |
| | | |
| ആകെ | 47,36,600 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 16,200 | ശ്രീമതി. രജനി രവീന്ദ്രൻ,സെക്രട്ടറി (ഇൻ- ചാർജ്) |
| | | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | KSA.MPM6/1522/19 തീയ്യതി 14.10.19 | 14 | |

| | | | |
|---|---|---|---|
| 1998-99 (പ്ലാൻ) | KSA.MPM6/1522/19 തീയ്യതി 14.10.19 | 3 | |
| 1998-99 (ചെലവ്) | KSA.MPM6/1522/19 തീയ്യതി 14.10.19 | 4 | |
| 1999-00 | KSA.MPM6/1522/19 തീയ്യതി 14.10.19 | 10 | |
| 2000-01 | KSA.MPM6/1340/19 തീയ്യതി 14.10.19 | 2 | |
| 2001-02 | KSA.MPM6/1340/19 തീയ്യതി 14.10.19 | 2 | |
| 2002-03 | KSA.MPM6/1340/19 തീയ്യതി 14.10.19 | 6 | |
| 2003-04 | KSA.MPM6/1340/19 തീയ്യതി 14.10.19 | 20 | |
| 2004-05 | KSA.MPM6/1340/19 തീയ്യതി 14.10.19 | 2 | |
| 2005-06 | KSA.MPM6/1340/19 തീയ്യതി 14.10.19 | 4 | |
| 2006-07 | KSA.MPM6/1340/19 തീയ്യതി 14.10.19 | 14 | |
| 2007-08 | KSA.MPM6/1340/19 തീയ്യതി 14.10.19 | 6 | |
| 2008-09 | KSA.MPM6/1340/19 തീയ്യതി 14.10.19 | 17 | |
| 2009-10,10-11 | KSA.MPM6/1340/19 തീയ്യതി 14.10.19 | 13 | |
| 2011-12 2012-13 | KSA.MPM6/2735/19 തീയ്യതി 17.8.20 | 11 | |
| 2013-14 2014-15 | KSA.MPM6/2735/19 തീയ്യതി 17.8.20 | 8 | |
| 2015-16 | KSA.MPM6/2735/19 തീയ്യതി 17.8.20 | 4 | |
| 2016-17 | KSA.MPM6/2735/19 തീയ്യതി 17.8.20 | 11 | |
| 2017-18 | KSA.MPM6/2735/19 തീയ്യതി 17.8.20 | 5 | |
| 2018-19 | KSA.MPM6/1813/20 തീയ്യതി 17.12.20 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്